## **ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ഐഡന്റിറ്റി, അഡ്മിഷൻ ടിക്കറ്റ് എന്നിവയുടെ പരിശോധനകൾക്കായി ഉദ്യോഗാർത്ഥികൾ പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുൻപ് പരീക്ഷാ കേന്ദ്രത്തിൽ അവർക്ക് അനുവദിച്ചിട്ടുള്ള ഇരിപ്പിടത്തിൽ ഹാജരാകേണ്ടതാണ്.
2. ഉദ്യോഗാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും ഹാജരാക്കേണ്ടതാണ്. [Voter ID, Driving Licence, Passport, സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ്, ദേശസാൽകൃത ബാങ്ക് നൽകുന്ന ഫോട്ടോ പതിച്ച പാസ്സ് ബുക്ക്, PAN Card, സർക്കാർ ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് എന്നിവ തിരിച്ചറിയൽ രേഖയായി സ്വീകരിക്കുന്നതാണ്].

| |
|---|
| **തിരിച്ചറിയൽ രേഖയും പകർപ്പും ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.** |
| **മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി തുടങ്ങിയ യാതൊരു വിധ ഇലക്ട്രോണിക് /വാർത്താവിനിമയ ഉപകരണങ്ങളും പരീക്ഷാ കാംപസിൽ കൊണ്ടുവരാൻ പാടില്ല.** |

3. ഉദ്യോഗാർത്ഥിയുടെ പേര്, മേൽവിലാസം, രജിസ്റ്റർ നമ്പർ മുതലായ വിവരങ്ങൾ Identification Certificate-ൽ നിശ്ചിത സ്ഥലത്ത് എഴുതേണ്ടതും 6 മാസത്തിനകം എടുത്തതും താഴെപ്പറയുന്ന രീതിയിലുള്ളതുമായ Passport Size Photo (Colour/Black&White) പതിപ്പിക്കേണ്ടതുമാണ്.
   ഫോട്ടോ ഇളം നിറത്തിലുള്ള പശ്ചാത്തലത്തോടു കൂടിയതും, മുഖം പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കേണ്ടതും തോൾഭാഗവും കണ്ണുകളും വ്യക്തമായി കാണത്തക്ക വിധത്തിലുള്ളതും, 4.5 സെ.മീ. x 3.5 സെ.മീ അളവിലുള്ളതുമായിരിക്കണം.
   Passport സൈസിലല്ലാത്തതും മുഖം വ്യക്തമല്ലാത്തതും മുഖത്തിന്റെ ഒരുവശം മാത്രം കാണത്തക്ക വിധത്തിലുള്ളതുമായ ഫോട്ടോകൾ Identification Certificate-ൽ പതിക്കുവാൻ പാടില്ല.
   **നിശ്ചിത അളവിലും മാതൃകയിലുമല്ലാത്ത ഫോട്ടോ പതിച്ച ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.**
4. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഫോട്ടോയിലും പേപ്പറിലും പതിയത്തക്കവിധവും സാക്ഷ്യപത്രത്തിനു താഴെയും ഉദ്യോഗാർത്ഥി അസിസ്റ്റന്റ് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ പരീക്ഷാഹാളിൽ നല്കുന്ന അഡ്രസ്സ് ലിസ്റ്റിൽ തന്റെ പേരിനു നേരെയും ഉദ്യോഗാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
5. ഉദ്യോഗാർത്ഥികൾ OMR ഉത്തരക്കടലാസ്സിന്റെ A-Part-ൽ രജിസ്റ്റർ നമ്പർ, ജനനതീയതി എന്നിവ നിശ്ചിതസ്ഥലത്ത് എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം. പരീക്ഷയുടെ പേര് പരീക്ഷാ തീയതി, എന്നിവയും ഇതിനായി അനുവദിച്ച സ്ഥലത്ത് രേഖപ്പെടുത്തേണ്ടതാണ്. B-Part-ൽ ചോദ്യപുസ്തക അക്ഷരകോഡിന്റെ കുമിള കറുപ്പിക്കുകയും ചെയ്യണം. തന്നിരിക്കുന്ന ചോദ്യപുസ്തക അക്ഷരകോഡ് തന്നെയാണ് ഉത്തരക്കടലാസിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടത് B-Part-ലാണ്. ഓരോ ചോദ്യത്തിന്റേയും ശരി ഉത്തരത്തിനുള്ള കുമിള മാത്രം പൂർണ്ണമായി കറുപ്പിക്കുക. ഉത്തരക്കടലാസിൽ മറ്റെവിടെയും യാതൊന്നും രേഖപ്പെടുത്തുവാൻ പാടില്ല.
6. **അച്ചടിയിലേയോ/നിർമ്മാണത്തിലേയോ പിശകു മൂലമല്ലാതെ വേറെ യാതൊരു കാരണവശാലും OMR ഉത്തരക്കടലാസ് / ചോദ്യപുസ്തകം മാറ്റി നൽകുന്നതല്ല.**
7. ഉത്തരക്കടലാസ്സിൽ കുമിളകൾ അടയാളപ്പെടുത്തുവാൻ നീല/കറുപ്പ് മഷിയുള്ള ബോൾപോയിന്റ് പേന മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
8. പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ ഒരു ഉദ്യോഗാർത്ഥിയേയും പരീക്ഷാ ഹാളിൽ കടക്കുന്നതിന് അനുവദിക്കുന്നതല്ല. പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ പരീക്ഷ തീരുന്നതുവരെ ഒരു ഉദ്യോഗാർത്ഥിയെയും പരീക്ഷാ ഹാളിൽ നിന്നും പുറത്തു പോകാൻ അനുവദിക്കുന്നതല്ല.
9. **പരീക്ഷ കഴിഞ്ഞതിനു ശേഷം ഉത്തരക്കടലാസിന്റെ പാർട്ട് A യും പാർട്ട് B യും നിശ്ചിത ഭാഗത്തുകൂടി കീറി രണ്ട് ഭാഗങ്ങളും അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏല്പിച്ചതിനു ശേഷം മാത്രമേ പരീക്ഷാ ഹാൾ വിട്ട് പുറത്തുപോകുവാൻ പാടുള്ളൂ. പരീക്ഷ കഴിയുന്നതിനു മുൻപായി യാതൊരുകാരണവശാലും 'A','B' പാർട്ടുകൾ വേർതിരിക്കുവാൻ പാടില്ല.**
10. പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരോട് ഹാളിൽ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ അനാശാസ്യ മാർഗ്ഗങ്ങൾ അവലംബിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാ ഹാളിൽ നിന്നും പുറത്താക്കുന്നതാണ്.
    **മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ഉത്തരക്കടലാസ്സുകൾ അസാധുവാക്കുന്നതും അവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.**
11. യാത്രപ്പടിക്ക് അർഹതയുള്ളവർ അന്നുതന്നെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ നിന്നും അറ്റൻഡൻസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
12. യാതൊരു കാരണവശാലും പരീക്ഷാ കേന്ദ്രത്തിന് മാറ്റം അനുവദിക്കുന്നതല്ല.
13. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ അപേക്ഷകരെയെല്ലാം പരീക്ഷ എഴുതുവാൻ സോപാധികമായി അനുവദിച്ചിരിക്കുകയാണ്. വിശദമായ പരിശോധനയിൽ ന്യൂനതകൾ കാണുന്ന പക്ഷം അത്തരം അപേക്ഷകൾ നിരസിക്കുന്നതാണ്.
14. **ഏതെങ്കിലും കാരണവശാൽ പരീക്ഷ മാറ്റിവയ്ക്കുന്നപക്ഷം അക്കാര്യവും പുതുക്കിയ പരീക്ഷാ തീയതിയും യഥാസമയം വിവിധ മാധ്യമങ്ങൾ മുഖേനയും കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.org ലൂടെയും അറിയിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. പുതിയ പരീക്ഷാ തീയതിയിൽ ഉദ്യോഗാർത്ഥികൾ ഇതേ അഡ്മിഷൻ ടിക്കറ്റ് തന്നെ ഹാജരാക്കണം.**